# കേരള സർവകലാശാല

നം.പി.ആർ.223/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2019 നവംബർ 20 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസ്‌ലേഷൻ സ്റ്റഡീസ് (DTS) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാ രജിസ്ട്രേഷൻ

വിദൂരവിദ്യാഭ്യാസ വിഭാഗത്തിലെ ബി.എ/ബി.എസ്സി/ബി.കോം (2017 അഡ്മിഷൻ) കോഴ്സുകളുടെ ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾ രജിസ്റ്റർ ചെയ്തതും, എസ്.ഡി.ഇയിലെ മൂന്നാം സെമസ്റ്റർ ട്യൂഷൻ ഫീസടച്ചതും എന്നാൽ മൂന്നാം സെമസ്റ്റർ പരീക്ഷ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തതുമായ വിദ്യാർത്ഥികൾ മൂന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് നോഷണൽ രജിസ്ട്രേഷൻ ചെയ്യുന്നതിനായി പരീക്ഷാ വിഭാഗവുമായി ബന്ധപ്പെടാവുന്നതാണ്.

### പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.ടെക് ഡിഗ്രി എക്സാമിനേഷൻ, ജൂലൈ 2019 ന്റെ മെക്കാനിക്കൽ സ്ട്രീം-ഓട്ടോമൊബൈൽ എഞ്ചിനിയറിംഗ് ബ്രാഞ്ച് (2013 സ്കീം) ന്റെ പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 30 ന് എസ്.സി.ടി കോളേജ് ഓഫ് എഞ്ചിനിയറിംഗ് തിരുവനന്തപുരത്ത് വച്ച് നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ ബി.ടെക് ഡിഗ്രി എക്സാമിനേഷൻ ജൂലൈ 2019 ന്റെ (2008 & 2013 സ്കീം) സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ ഫ്ളൂയിഡ് മെക്കാനിക്സ് ലാബ് പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 29 ന് ടി.കെ.എം കോളേജ് ഓഫ് എഞ്ചിനിയറിംഗ് കൊല്ലം, കോളേജ് ഓഫ് എഞ്ചിനിയറിംഗ് തിരുവനന്തപുരം എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ ബി.ടെക് ഡിഗ്രി എക്സാമിനേഷൻ ജൂലൈ 2019 ന്റെ (2008 & 2013 സ്കീം) മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ ഫ്ളൂയിഡ് മെക്കാനിക്സ് ആന്റ് മെഷിൻസ് ലാബ്, ഐ.സി എൻജിൻസ് ലാബ് എന്നീ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 30 ന് ടി.കെ.എം കോളേജ് ഓഫ് എഞ്ചിനിയറിംഗ് കൊല്ലം, കോളേജ് ഓഫ് എഞ്ചിനിയറിംഗ് തിരുവനന്തപുരം എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

## എം.ഫിൽ അഡ്മിഷൻ

കേരള യൂണിവേഴ്സിറ്റി, യൂണിവേഴ്സിറ്റി കോളേജ്, ലക്ഷ്മിബായ് നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ എന്നിവിടങ്ങളിലെ എം.ഫിൽ പ്രോഗ്രാമുകളിലേക്ക് അപേക്ഷ നൽകുകയും റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുള്ള വിദ്യാർത്ഥികൾ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് അഡ്മിഷൻ മെമ്മോ ഡൗൺലോഡ് ചെയ്ത് മെമ്മോയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം അഡ്മിഷന് ഹാജരാകേണ്ടതാണ്. www.admissions.keralauniversity.ac.in

## പരീക്ഷാഫലം

മൂന്നാം സെമസ്റ്റർ ബി.ടെക് ഡിഗ്രി സപ്ലിമെന്ററി എക്സാമിനേഷൻ ഫെബ്രുവരി 2019 (2013 സ്കീം) ഫലം ഒക്ടോബർ 25 ൽ പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും, സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി മാത്രം അപേക്ഷിക്കുക. അപേക്ഷിക്കേണ്ട അവസാന തീയതി നവംബർ 05. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ.

## യു.ജി.സി – എൻ.റ്റി.എ – നെറ്റ് കോച്ചിംഗ്

സർവകലാശാലയുടെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലും ഗവേഷക വിദ്യാർത്ഥി യൂണിയനും ഡിപ്പാർട്ട്മെന്റ്സ് യൂണിയനും സംയുക്തമായി സംഘടിപ്പിക്കുന്ന യു.ജി.സി – എൻ.റ്റി.എ – നെറ്റ് കോച്ചിംഗ് ജനറൽ പേപ്പർ ക്ലാസുകൾ നവംബർ 9 മുതൽ ഡിസംബർ 1 വരെ കാര്യവട്ടം കാമ്പസിൽ വെച്ച് നടത്തുന്നു. ക്ലാസുകൾ: ശനി, ഞായർ ദിവസങ്ങളിൽ. രജിസ്ട്രേഷൻ ഫീസ്: 200 രൂപ. വിശദവിവരങ്ങൾക്ക്: resarchstudentsunionku@gmail.com, Arun – 9446035844, Sruthi – 8129076179

തിരുവനന്തപുരം,
25.10.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098